"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആലപ്പുഴ ചത്തിയറ വി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.റ്റി (ഗണിതം) ശ്രീ.ബിജുമോൻ.സി. യ്ക്ക് 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വകുപ്പ് 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി സംരക്ഷിക്കുന്നതിനായി 22.02.2022 പ്രാബല്യത്തിൽ ഒരു എച്ച്.എസ്.റ്റി (ഗണിതം) തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.50/2026/GEDN തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:- 1. ശ്രീ.ബിജുമോൻ.സി യുടെ 01.06.2024 ലെ ശൂന്യവേതനാവധി അപേക്ഷ.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.02.2025, 08.09.2025 തീയതികളിലെ ഇസി1/2010/2025/ഡിജിഇ നമ്പർ കത്തുകൾ.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ചത്തിയറ വി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.റ്റി (ഗണിതം) ശ്രീ ബിജുമോൻ സി. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 09.10.2018 മുതൽ 31.05.2023 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 01.06.2023 മുതൽ 31.05.2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിക്കുകയുണ്ടായി. കൃത്യനിർവഹണത്തിനായി സ്കൂളിൽ ഹാജരാകാൻ കഴിയാത്ത സാഹചര്യമായതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 01.06.2024 മുതൽ 31.05.2025 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി ശ്രീ ബിജുമോൻ.സി സമർപ്പിച്ച അപേക്ഷ മാനേജർ ശിപാർശ ചെയ്യാൻ വിസ്സമ്മതിക്കുകയും അപേക്ഷകനോട് ഇൻവാലിഡ് പെൻഷന് അപേക്ഷിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പക്ഷാഘാതം മൂലം ടിയാന്റെ ഓപ്റ്റിക്കൽ നെർവുകൾക്കുണ്ടായ തകരാറുമൂലം രണ്ട് കണ്ണുകളുടേയും കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ട അവസ്ഥയിലായതിനാൽ ടിയാന് 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വകുപ്പ് 20 (4) ന്റെ ആനുകൂല്യം നൽകി മെഡിക്കൽ ബോർഡ് ഭിന്നശേഷി സർട്ടിഫിക്കറ്റ് അനുവദിച്ച 22.02.2022 പ്രാബല്യത്തിൽ സംരക്ഷിക്കുന്നതിനായി, ടി സ്കൂളിൽ ശ്രീ. ബിജുമോൻ.സി ജോലിയിൽ തുടരുന്ന കാലംവരെ മാത്രം നിലനിൽക്കുമെന്ന വ്യവസ്ഥയിൽ ഒരു എച്ച്.എസ്.ടി (ഗണിതം) തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ശ്രീ. ബിജുമോൻ.സി യെ ആ തസ്തികയിൽ തുടരാൻ അനുവദിക്കണമെന്നുമുള്ള ശിപാർശ സഹിതം ശ്രീ ബിജുമോൻ.സി സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വീസിനിടയ്ക്ക് ഭിന്നശേഷി അവശത നേരിടുന്ന ഒരു ജീവനക്കാരനെ സർവ്വീസിൽ നിന്നും ഒഴിവാക്കുകയോ റാങ്ക് കുറയ്ക്കുകയോ ചെയ്യരുതെന്നും ടിയാന് ഭിന്നശേഷിമൂലം നിലവിലുള്ള തസ്തികയിലെ ചുമതല നിർവ്വഹിക്കാൻ സാധിക്കാതെവന്നാൽ തുല്യ ശമ്പള സ്കെയിലും ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കണമെന്നും അത്തരത്തിൽ അനുയോജ്യമായ തസ്തികകൾ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ടിയാൻ പെൻഷൻ ആകുന്നത് വരേയോ അല്ലെങ്കിൽ അനുയോജ്യമായ തസ്തിക കണ്ടെത്തുന്നത് വരേയോ ഏതാണോ ആദ്യം അതുവരെ ഭിന്നശേഷി ജീവനക്കാരനെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കേണ്ടതാണെന്നും 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വകുപ്പ് 20 (4) ൽ വ്യക്തമാക്കിയിട്ടുണ്ട്. ടിയാന് അർഹതപ്പെട്ട പ്രൊമോഷൻ ഉൾപ്പെടെയുള്ള മറ്റ് അനുകൂല്യങ്ങൾ നിരസിക്കുവാൻ പാടില്ലാത്തതാണെന്നും ചട്ടം 20 ൽ വ്യക്തമാക്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, പക്ഷാഘാതം മൂലം 100% അന്ധത ബാധിച്ച ആലപ്പുഴ ജില്ലയിലെ ചത്തിയറ വി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.റ്റി (ഗണിതം) ശ്രീ. ബിജുമോൻ സി യെ, 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വകുപ്പ് 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി സംരക്ഷിക്കുന്നതിനായി, ടിയാൾ ജോലിയിൽ തുടരുന്ന കാലംവരെ മാത്രം നിലനിൽക്കുമെന്ന വ്യവസ്ഥയിൽ ടി സ്കൂളിൽ 22.02.2022 പ്രാബല്യത്തിൽ ഒരു എച്ച്.എസ്.റ്റി (ഗണിതം) തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ.ബിജുമോൻ.സി യ്ക്ക് 22.02.2022 മുതൽ 31.05.2024 വരെ അനുവദിച്ചിരുന്ന ശൂന്യവേതനാവധി റദ്ദ് ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാവേലിക്കര
മാനേജർ/ഹെഡ്മിസ്ട്രസ്സ്/ശ്രീ.ബിജുമോൻ.സി, എച്ച്.എസ്.ടി (ഗണിതം),
വി.എച്ച്.എസ്.എസ്, ചത്തിയറ, താമരക്കുളം, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് [ഇനം നം.3762 തീയതി 28.02.2026]
ധനകാര്യ വകുപ്പ് (03.11.2025 ലെ RULES-B4/289/2019-FIN (E: 1331120) പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 06-03-2026 14:13:55
സെക്ഷൻ ഓഫീസർ

*പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*

*പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*